**കേരള സർക്കാർ**
**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001**
**ഫോൺ: 0477-2251349; ഇ-മെയിൽ: prdalppy@gmail.com,**
**വെബ്സൈറ്റ്: www.prd.kerala.gov.in**

**പത്രക്കുറിപ്പ് 1 'ഭരണഭാഷ-മാതൃഭാഷ' 2019 നവംബർ 04 തിങ്കൾ**

# കുടുംബശ്രീ വനിതകൾക്കായി 'സമ': പ്രത്യേക സാക്ഷരത തുടർവിദ്യാഭ്യാസ പരിപാടി

ആലപ്പുഴ: ജില്ല സാക്ഷരത മിഷൻ കുടംബശ്രീ ജില്ല മിഷനുമായി സഹക രിച്ച് 1000 കുടുംബശ്രീ വനിതകൾക്ക് 'സമ' എന്ന പേരിൽ സാക്ഷരത തുടർ വിദ്യാഭ്യാസ പരിപാടി നടത്തും. ജില്ല പഞ്ചായത്ത് 30 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്. നവംബർ 23ന് 'സമയുടെ' ജില്ലാതല ഉദ്ഘാടനം ആലപ്പുഴയിൽ നടത്തും. ഇതിന് മുന്നോടിയായി ബ്ലോക്കുതലങ്ങളിൽ യോഗങ്ങൾക്ക് ജില്ല സാക്ഷരത മിഷൻ നടപടി തുടങ്ങി.

വിദ്യാഭ്യാസത്തിന്റെ കുറവാണ് പല സ്ത്രീകൾക്കും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തുന്നതിന് തടസമെന്ന തിരിച്ചറിവാണ് പുതിയ പദ്ധതിക്ക് രൂപം നൽകാൻ ജില്ല പഞ്ചായത്തിനെ പ്രേരപ്പിച്ചതെന്ന് ജില്ല സാക്ഷരത മിഷൻ ചെയർമാനായ ജില്ല പഞ്ചായത്ത് പ്രസിഡന്റ് ജി. വേണുഗോപാൽ വ്യക്തമാക്കി. കുടുംബശ്രീ അംഗങ്ങളായ ആയിരം വനിതകളെ തിരഞ്ഞെടുത്ത് ആദ്യഘട്ടത്തിൽ പത്താംതരം, ഹയർ സെക്കൻഡറി പരീക്ഷ പാസാക്കുക എന്നതാണ് 'സമ' വിഭാവന ചെയ്യുന്നതെന്ന് അദ്ദേഹം പറഞ്ഞു.

ജില്ല സാക്ഷരത സമതി, കുടുംബശ്രീ ജില്ല മിഷൻ എന്നിവ സംയുക്തമായി ആയിരം ഗുണഭോക്താക്കളെ കണ്ടെത്തും. പഠിതാക്കളുടെ സൗകര്യമനുസരിച്ച് അതത് പ്രദേശത്തെ സമ്പർക്ക പഠനകേന്ദ്രങ്ങളിലാകും അധ്യയനം. ആദ്യഘട്ടം 10 മാസത്തിനകം പൂർത്തിയാക്കി പൊതുവിദ്യാഭ്യാസ വകുപ്പ് പരീക്ഷ നടത്തി സാക്ഷ്യപത്രം നൽകും.

ലിംഗ സമത്വം, ചൂഷണരഹിത സമൂഹം എന്നിവ ഉറപ്പാക്കുന്നതിലൂടെ പുറതള്ളപ്പെട്ടവരും ദരിദ്രരുമായ വനിതകളുടെ സമഗ്രവികസനമാണ് ഉറപ്പാക്കുക. പത്താംതരം തുല്യത കോഴ്സിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന 638 പഠിതാക്കൾക്ക് രജിസ്ട്രേഷൻ, കോഴ്സ്, പരീക്ഷ ഫീസ് എന്നീയിനങ്ങളിലായി 2350 രൂപ വീതം 14.99 ലക്ഷം രൂപയാണ് നീക്കിവച്ചിട്ടുള്ളത്. ഹയർസെക്കൻഡറി തുല്യത കോഴ്സിൽ 476 പഠിതാക്കൾക്ക് 3150 രൂപ വീതം 14.99 ലക്ഷം രൂപയും ജില്ല പഞ്ചായത്ത് വകയിരുത്തിയിട്ടുണ്ട്.

ജില്ല പഞ്ചായത്ത് വിദ്യാഭ്യാസ സ്ഥിരം സമതി അധ്യക്ഷന്റെ നേതൃത്വത്തിലുള്ള സംഘം പദ്ധതി അവലോകനം ചെയ്യും. ആദ്യ ഘട്ടത്തിലെ പ്രവർത്തന പുരോഗതിയനുസരിച്ച് വരും വർഷം ആവശ്യമെങ്കിൽ പദ്ധതി കൂടുതൽ വിപുലപ്പെടുത്തും.

# വാഹനം വാടകയ്ക്ക്:
# ടെൻഡർ ക്ഷണിച്ചു

ആലപ്പുഴ: ദേശീയപാത സ്ഥലമെടുപ്പ് വിഭാഗം ഓഫീസുകളിലേക്ക് മാസവാടക കരാർ അടിസ്ഥാനത്തിൽ നാഷണൽ ഹൈവേ അതോറിറ്റി മാനദണ്ഡങ്ങൾക്ക് വിധേയമായി സ്പെഷ്യൽ ഡപ്യൂട്ടി കളക്ടർ ആലപ്പുഴ എൽ.എ എൻ.എച്ച്, സ്പെഷ്യൽ തഹസിൽദാർ എൽ.എ.എൻ.എച്ച് ചേർത്തല, ആലപ്പുഴ, ഹരിപ്പാട് എന്നീ ഓഫീസുകളിലേക്ക് പ്രതിമാസം 2000 കി.മീ (ഡ്രൈവർ ഉൾപ്പടെ) ഇൻഡിക്ക/ തുല്യമായ വാഹനം) ഓടിക്കുന്നതിന് ടെൻഡർ ക്ഷണിച്ചു. നവംബർ 11ന് ഉച്ചകഴിഞ്ഞ് രണ്ടു വരെ ടെൻഡർ നൽകാം. വിശദവിവരത്തിന് ഫോൺ: ആലപ്പുഴ 8547610050, ചേർത്തല 9447490697, ആലപ്പുഴ 8921958737, ഹരിപ്പാട് 9446336967.

# ബാലശാസ്ത്ര കോൺഗ്രസ് നവംബർ 15ന്

ആലപ്പുഴ: ദേശീയ ബാലശാസ്ത്ര കോൺഗ്രസിന്റെ ഭാഗമായി നടത്തുന്ന ജില്ല ബാലശാസ്ത്ര കോൺഗ്രസ് നവംബർ 15ന് രാവിലെ ഒമ്പതു മുതൽ ആലപ്പുഴ ഗവ. മുഹമ്മദൻസ് ഗേൾസ് എച്ച്.എസിൽ നടക്കും. 'ശാസ്ത്ര സാങ്കേതിക വിദ്യകളിലെ നൂതനാശയങ്ങൾ വൃത്തിയും ഹരിതാഭയും ആരോഗ്യവുമുള്ള രാജ്യത്തിന്' എന്നതാണ് മുഖ്യവിഷയം. ജില്ലയിലെ വിവിധ സ്കൂളുകളിൽ നിന്നുള്ള വിദ്യാർഥികൾ പ്രോജക്ടുകൾ അവതരിപ്പിക്കും. തിരഞ്ഞെടുക്കുന്ന പ്രൊജക്ടുകൾ ഡിസംബർ 2, 3 തീയതികളിൽ തിരുവനന്തപുരത്ത് നടക്കുന്ന സംസ്ഥാന ബാലശാസ്ത്ര കോൺഗ്രസിൽ അവതരിപ്പിക്കും. വിശദവിവരത്തിന് ഫോൺ: 9447976901.

# ലീഗൽ സർവീസ്സ് അതോറിറ്റി:
# സിറ്റിംഗ് നടത്തും

ആലപ്പുഴ: കേരള ഹൈക്കോടതിയുടെ പ്രത്യേക നിർദേശപ്രകാരം സംസ്ഥാന ലീഗൽ സർവീസ്സ് അതോറിറ്റിയുടെയും വിവിധ വകുപ്പുകളുടെയും സഹകരണത്തോടെ എല്ലാ മജിസ്ട്രേട്ട് കോടതികളിലും പിഴയൊടുക്കി തീർപ്പാക്കാവുന്ന ക്രിമിനൽ കേസുകളിൽ നവംബർ ഒമ്പതിന് രാവിലെ 10 മുതൽ പ്രത്യേക സിറ്റിംഗ് നടത്തും. ഇത്തരം കേസുകളിൽപ്പെട്ട പ്രതികളുടെ വിലാസത്തിലേക്ക് നോട്ടീസ് അയച്ചിട്ടുണ്ട്. നോട്ടീസ് ലഭിച്ചിട്ടുള്ളവർക്ക് അതത് കോടതികളിലെത്തി കുറ്റം സമ്മതിച്ച് പിഴയൊടുക്കി കേസുകൾ ഒത്തുതീർപ്പക്കാവുന്നതാണെന്ന് ജില്ല ലീഗൽ സർവീസ്സ് അതോറിറ്റി സെക്രട്ടറി അറിയിച്ചു.

# തീറ്റപ്പുൽകൃഷി പരിശീലനം

ആലപ്പുഴ: ഓച്ചിറ ക്ഷീരോൽപ്പന്ന പരിശീലന വികസന കേന്ദ്രത്തിൽ തീറ്റപ്പുൽകൃഷി പരിശീലനം നൽകുന്നു. നവംബർ 7,8 തീയതികളിലാണ് പരിശീലനം. 20 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്കാണ് പ്രവേശനം. പങ്കെടുക്കുന്നവർക്ക് യാത്രാബത്ത, ദിനബത്ത എന്നിവ നൽകും. ഫോണിലൂടെ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്തവർ നവംബർ ഏഴിന് രാവിലെ 10ന് പരിശീലന കേന്ദ്രത്തിൽ എത്തണം. പ്രവേശന സമയത്ത് തിരിച്ചറിയൽ രേഖയുടെയും ബാങ്ക് പാസ്ബുക്കിന്റെയും പകർപ്പ് ഹാജരാക്കണം. വിശദവിവരത്തിന് ഫോൺ: 0476 2698550.

# ഭാഷ പ്രശ്നോത്തരി മത്സരം നവംബർ ഏഴിന്

ആലപ്പുഴ: ഭരണഭാഷ വാരാഘോഷത്തിന്റെ ഭാഗമായി ജില്ല ട്രഷറിയുടെ ആഭിമുഖ്യത്തിൽ ജില്ലയിലെ സർക്കാർ ഉദ്യോഗസ്ഥർക്കും അധ്യാപകർക്കുമായി സംഘടിപ്പിക്കുന്ന ഭാഷ പ്രശ്നോത്തരി മത്സരം നവംബർ ഏഴിന് ഉച്ചകഴിഞ്ഞ് മൂന്നിന് സിവിൽ സ്റ്റേഷനിലെ ദേശീയ സമ്പാദ്യ പദ്ധതി ഹാളിൽ നടക്കും. രണ്ട് പേർ അടങ്ങുന്ന ടീമായാണ് മത്സരം. വിജയിക്കുന്നവർക്ക് എവർ റോളിംഗ് ട്രോഫിയും ഒന്ന് മുതൽ മൂന്ന് വരെ സ്ഥാനക്കാർക്ക് യഥാക്രമം 2000, 1500, 1000 രൂപ വിലവരുന്ന പുസ്തകങ്ങളും സാക്ഷ്യപത്രവും സമ്മാനമായി ലഭിക്കും. വിശദവിവരത്തിന് ഫോൺ: 9895893570

# പുഞ്ചകൃഷി:
# ലേലം നവംബർ ഏഴിന്

ആലപ്പുഴ: കുട്ടനാട് താലൂക്കിലെ മുട്ടാർ വില്ലേജിൽ സർക്കാർ അധീനതയിലുള്ള 4.16ഹെക്ടർ പുറമ്പോക്ക് നിലത്തിൽ പുഞ്ചകൃഷി ഇറക്കുന്നതിനുള്ള അവകാശ ലേലം നവംബർ ഏഴിന് രാവിലെ 11ന് മുട്ടാർ വില്ലേജ് ഓഫീസിൽ നടക്കും. താൽപര്യമുള്ളവർ ലേലത്തിന് മുൻപായി 1000 രൂപ നിരതദ്രവ്യം അടച്ച് ലേലത്തിൽ പങ്കെടുക്കാം. വിശദവിവരത്തിന് ഫോൺ: 0477 2702221